പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1699 | 16.03.2015 ൽ മറുപടിയ്ക്ക് |
|---|---|
| വിവാഹങ്ങളിലെ ധൂർത്തും ആഡംബരങ്ങളും | |
| ചോദ്യം | ഉത്തരം |
| ശ്രീ.പി.തിലോത്തമൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിന്റെ സാമ്പത്തിക സഹായം നേടി നടത്തുന്ന വിവാഹങ്ങളിലെ ആഡംബരങ്ങളും ദുഷ്ചെലവുകളും ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകളും പരിശോധനകളും നിലവിലുണ്ടെന്ന് വിശദമാക്കുമോ ; | (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ (മഹിളാമന്ദിരങ്ങൾ, ആഫ്റ്റർ കെയർ ഹോം തുടങ്ങിയവ) അന്തേവാസികൾക്ക് സർക്കാർ ധനസഹായം വിനിയോഗിച്ച് നടത്തുന്ന വിവാഹങ്ങളിൽ ആർഭാടമോ, ദുഷ്ചെലവുകളോ ഉണ്ടാകാറില്ല. |
| (ബി)വിവാഹങ്ങളിലെ ധൂർത്തും ആഡംബരങ്ങളും ഒഴിവാക്കുന്നതിന് മാതൃകാപരവും, ജാതി - മത രഹിതവും സ്ത്രീധന വിരുദ്ധവുമായ വിവാഹങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ബി) വിവാഹ ധൂർത്തും ആഡംബരങ്ങളും ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രചരണം നടത്തുന്നതിനായിട്ടുള്ള പദ്ധതികൾ സി-ഡിറ്റുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതി വഴി ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിൽക്കൂടി ഇതിനെതിരെ വ്യാപക പ്രചരണം നൽകുവാൻ സാധിക്കുന്നതാണ്. കൂടാതെ കേരള വനിതാ കമ്മീഷൻ മുഖാന്തിരം സ്കൂൾ, കോളേജ് തലത്തിൽ കലാലയ ജ്യോതി എന്ന പേരിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും എല്ലാ ജില്ലകളിലും വിവാഹ പൂർവ്വ ബോധവൽക്കരണ ശില്പശാലകളും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ